# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 16.04.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1) ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളി ച്ച മതമേലധ്യക്ഷൻമാരുടെ യോഗം തിരുവനന്തപുരത്ത് പുരോഗമി ക്കുന്നു.

**Kerala CM Pinarayi Vijayan chairs a meeting with religious leaders to strengthen the anti-drug campaign across the state.**

2) വഖഫ് ഭേദഗതി നിയമ ത്തിനെതിരായ ഹ ർജികൾ സുപ്രീം കോടതി ഇന്ന് പരിഗണി ക്കും. വഖഫ് നിയമവുമായി ബ ന്ധപ്പെട്ട പാകിസ്ഥാൻ പരാമർശത്തെ അപലപി ച്ച് ഇന്ത്യ.

**Supreme Court to hear a batch of pleas challenging Waqf Amendment Act today. India slams Pakistan over motivated and baseless comments on Waqf Amendment law; Says Pakistan has no locus standi to comment on India's internal matter.**

3) നാഷണൽ ഹെറാൾഡ് കേസിലെ ഇ.ഡി നടപടിക്കെതിരെ പ്രതിഷേധം ശക്തമാക്കി കോൺഗ്രസ്. ഇ.ഡിയെ ഭയപ്പെടുത്താനുള്ള നീക്കമാണിതെന്ന് ബിജെപി.

**Congress is holding nationwide protests over the ED chargesheet against its senior leaders in National Herald case. BJP accused Congress of trying to intimidate the Enforcement Directorate.**

4) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ നേരിടും.

**In IPL Cricket, Delhi capitals will take on Rajastan Royals today.**

5) യു എൻ രക്ഷാ സമിതി പരിഷ്കരണത്തിൽ മതാധിഷ്ഠിത പ്രാതിനിധ്യം അനുവദിക്കണമെന്ന നിർദേശത്തെ എതിർത്ത് ഇന്ത്യ ഉൾപ്പെടെയുള്ള ജി - 4 രാജ്യങ്ങൾ.

**India and other G4 nations including Brazil, Germany, and Japan have opposed proposals to allocate seats based on religion in a reformed UN Security Council.**

&&&&&&&&&&&&&&&&&&

**HEADLINE-1**

## CM MEETING

സംസ്ഥാനത്ത്, ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച മതമേലധ്യക്ഷൻമാരുടെ ഓൺലൈൻ യോഗം പുരോഗമിക്കുന്നു. വൈകിട്ട് 3.30 ന് സർവകക്ഷി യോഗവും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേരും. കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് യോഗം വിളിച്ചു ചേർത്തത്. ലഹരിക്കെതിരെ പ്രത്യേക കർമ പദ്ധതിക്ക് രൂപം നൽകാനുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEADLINE-2

## WQAF BILL

വഖഫ് ഭേദഗതി നിയമത്തിനെതിരായ ഹർജികൾ ഇന്ന് സുപ്രീം കോടതിയുടെ പരിഗണനയ്ക്കെത്തും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ നേതൃത്വത്തിൽ മൂന്നംഗ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. 70 ഹർജികൾ കോടതിയുടെ പരിഗണനയ്ക്കെത്തിയിട്ടുണ്ട്. നിയമഭേദഗതിയെ അനുകൂലിച്ച് BJP ഭരിക്കുന്ന ആറ് സംസ്ഥാന സർക്കാരുകൾ സംപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. ഉച്ചയ്ക്ക് ശേഷം രണ്ടുമണിയോടെ ഹർജികൾ കോടതി പരിഗണിക്കും.

&&&&&&&&&&&&&&&&&&

## Pakistan on Waqf

വഖഫ് ഭേദഗതി നിയമത്തെക്കുറിച്ച് പാകിസ്ഥാൻ നടത്തിയ പരാമർശം അടിസ്ഥാനരഹിതവും, ദുരുദ്ദേശപരവുമാണെന്ന് ഇന്ത്യ. ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ അഭിപ്രായം പറയാൻ പാകിസ്ഥാന് അവകാശമില്ലെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പ്രതികരിച്ചു. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലെ സ്വന്തം പോരായ്മകളാണ് പാകിസ്ഥാൻ പരിശോധിക്കേണ്ടതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## HEADLINE-3

**National Heralad**

നാഷണൽ ഹെറാൾഡ് കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സോണിയ ഗാന്ധിയെയും രാഹുൽ ഗാന്ധിയെയും പ്രതിയാക്കിയ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ നടപടിക്കെതിരെ രാജ്യവ്യാപകമായി പ്രതിഷേധിച്ച് കോൺഗ്രസ്. പ്രതികാര രാഷ്ട്രീയത്തിന്റെ ഭാഗമാണ് നടപടിയെന്ന് കോൺഗ്രസ് നേതാക്കൾ വിമർശനം ഉന്നയിച്ചു. എന്നാൽ ഇ.ഡിയെ ഭയപ്പെടുത്താനുന്ന നീക്കമാണ് കോൺഗ്രസ് നടത്തുന്നതെന്ന് ബിജെപി നേതാക്കൾ കുറ്റപ്പെടുത്തി.

&&&&&&&&&&&&&&&&&&

**INCOME TAX BILL-MEETING**

പുതിയ ആദായ നികുതി ബില്ലുമായി ബന്ധപ്പെട്ട ലോക് സഭാ സെലക്ട് കമ്മിറ്റി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ബിജെപി എംപി ബൈജയന്ത് പാണ്ഡ അധ്യക്ഷനായ 31 അംഗ സമിതിയാണ് ബിൽ പരിഗണിക്കുന്നത്. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും.

&&&&&&&&&&&&&&&&&&

**MORN. PURI - OALP (ഇൻട്രോ)**

***ഒ.എ.എൽ.പി നയത്തിന്റെഭാഗമായി 28 ഓയിൽ, ഗ്യാസ് ബ്ലോക്കുകൾ അനുവദിച്ച കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയത്തിന്റെ നടപടി രാജ്യത്തിന് മികച്ച സാദ്ധ്യതകൾ കൈവരിക്കാൻ അവസരം ഒരുക്കുന്നതായി കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാൻ നടപടി സഹായിക്കുമെന്നും അദ്ദേഹം പ്രതീക്ഷ പങ്കുവച്ചു. കേന്ദ്രം അടുത്തിടെ പാസാക്കിയ ഔട്ട്ഫീൽഡ് ഭേദഗതി ബില്ലിലെ ചട്ടങ്ങൾക്ക് അന്തിമരൂപം നൽകുന്നതിനായി ഊർജ്ജ മേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും അദ്ദേഹം അഭിപ്രായങ്ങളും ക്ഷണിച്ചു.***

***(ഹോൾഡ് വോയിസ്)***

&&&&&&&&&&&&&&&&&&

**Bilateral Trade Agreement**

ഇന്ത്യ-യുഎസ് ഉഭയകക്ഷി വ്യാപാര കരാർ സംബന്ധിച്ച ചർച്ച ഈ ആഴ്ച നടക്കുമെന്ന് കേന്ദ്ര സർക്കാർ. 2030 ആകുമ്പോഴേക്കും അമേരിക്കയുമായുള്ള ഇന്ത്യയുടെ വ്യാപാരം 50,000 കോടി ഡോളറിലെത്തുമെന്ന് പ്രതീക്ഷിക്കുന്നതായും വാണിജ്യ, വ്യവസായ സെക്രട്ടറി സുനിൽ ബർത്ത്വാൾ അറിയിച്ചു. ഉഭയകക്ഷി വ്യാപാര കരാർ ഇരു രാജ്യങ്ങൾക്കും മുന്നിൽ നിരവധി അവസരങ്ങൾ തുറക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

&&&&&&&&&&&&&&&&&&

**WYANAD (INTRO)**

***മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതർക്കായുള്ള മാതൃക ടൗൺഷിപ്പ് പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി.***

***വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**MAUNNDY THURSDAY**

ലോകമെങ്ങുമുള്ള ക്രൈസ്തവർ നാളെ പെസഹാ ആചരിക്കും. കുരിശുമരണം വരിക്കുന്നതിനു മുൻപായി യേശു ശിഷ്യന്മാരോടൊപ്പം അവസാനമായി കഴിച്ച അത്താഴത്തിന്റെയും ഓർമ പുതുക്കലായാണ് ഈ ദിനം. നാളെ ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയ്ക്കു പുറമേ പ്രത്യേക പ്രാർത്ഥനകളും

കാൽ കഴുകൽ ശുശ്രൂഷയും വീടുകളിൽ പെസഹാ അപ്പം മുറിക്കുന്ന ചടങ്ങും ഉണ്ടാകും.

&&&&&&&&&&&&&&&&&&

## ORGANIC FOOD EXPORTS

ജൈവ ഭക്ഷ്യ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്ത് 35 ശതമാനം വർധനയുണ്ടായതായി കേന്ദ്ര സർക്കാർ. പുതിയ കണക്കുകൾ പ്രകാരം 665 മില്യൺ ഡോളറിന്റെ വർധനവാണ് ഉണ്ടായിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 494 മില്യൺ ഡോളറായിരുന്നു . യുഎസ്,യൂറോപ്യൻ യൂണിയൻ, കാനഡ, യുകെ എന്നിവയാണ് ഇന്ത്യൻ ജൈവ ഭക്ഷ്യ ഉൽപന്നങ്ങളുടെ പ്രധാന വിപണികൾ. ജൈവ ഉൽപ്പന്ന കയറ്റുമതിയിൽ 2030 ഓടെ ഒരു ബില്യൺ ഡോളർ മറികടക്കാനാണ് രാജ്യം ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&

## ASHWINI VAISHNAW – UTTARAKHAND VISIT

റെയിൽ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ഉത്തരാഖണ്ഡ് സന്ദർശിക്കും. ഋഷികേശ് റെയിൽവെ സ്റ്റേഷനും, പൗരി ഗർവാൾ ജില്ലയിലെ ജനാസു തുരങ്കവും കേന്ദ്രമന്ത്രി സന്ദർശിക്കും. ഋഷികേശ് - കർൺപ്രയാഗ് റെയിൽവെ പദ്ധതിയുടെ ഭാഗമായുള്ള തുരങ്കത്തിന്റെ നിർമാണ പുരോഗതി അദ്ദേഹം വിലയിരുത്തും.

&&&&&&&&&&&&&&&&&&

## J K – ONE WAY TRAFFIC

ശക്തമായ മഞ്ഞുവീഴ്ചയെ തുടർന്ന് അടച്ചിട്ട ജമ്മു കശ്മീരിലെ ചരിത്രപ്രസിദ്ധമായ മുഗൾ റോഡ് ഗതാഗതത്തിനായ് തുറന്നു. മൂന്ന് മാസമായി ഇതുവഴിയുള്ള ഗതാഗതം നിർത്തിവെച്ചിരിക്കുകയായിരുന്നു. വടക്കൻ കശ്മീരിലെ ഷോപിയാൻ ജില്ലയെ ജമ്മുവിലെ രജൗരി, പൂഞ്ച് പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന 84 കിലോമീറ്റർ ദൈർഘ്യമുള്ള പാതയാണിത്.

&&&&&&&&&&&&&&&&&&

## HEADLINE-4

### IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ നേരിടും. ന്യൂഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

## HEADLINE-5

### G4–RELIGIOUS REPRESENTATION

യു എൻ രക്ഷാ സമിതി പരിഷ്കരണത്തിൽ മതാധിഷ്ഠിത പ്രാതിനിധ്യം അനുവദിക്കണമെന്ന നിർദേശത്തെ എതിർത്ത് ഇന്ത്യ ഉൾപ്പെടെയുള്ള ജി - 4 രാജ്യങ്ങൾ. ഇത് യുഎൻ രീതികൾക്ക് വിരുദ്ധമാണെന്ന് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ് പറഞ്ഞു. രക്ഷാ സമിതിയിൽ ഒരു ഇസ്ലാമിക രാഷ്ട്രത്തെ സ്ഥിരാംഗമാക്കണമെന്ന് തുർക്കിയെ പ്രസിഡന്റ് എർദോഗൻ അടുത്തിടെ ആവശ്യപ്പെട്ടിരുന്നു. നിലവിൽ ചൈന, യുഎസ്, യുകെ, ഫ്രാൻസ്, റഷ്യ എന്നിവയാണ് രക്ഷാ സമിതിയിലെ സ്ഥിരാംഗങ്ങൾ.

&&&&&&&&&&&&&&&&&&

### NETANYAHU GAZA TRIP

വടക്കൻ ഗാസ സന്ദർശിച്ച് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. ലക്ഷ്യം കൈവരിക്കുന്നതുവരെ ഹമാസിനെതിരായ സൈനിക നടപടികൾ ശക്തമായി തുടരുമെന്നും നെതന്യാഹു വ്യക്തമാക്കി. ഇസ്രയേൽ പ്രതിരോധ മന്ത്രി, സേനാ മേധാവി എന്നിവർക്കൊപ്പമായിരുന്നു സന്ദർശനം. 18 മാസമായി തുടരുന്ന ഇസ്രയേൽ ആക്രമണത്തിൽ ഗാസയിൽ 51,000 പേരുടെ ജീവൻ നഷ്ടമായതാണ് മേഖലയിൽ നിന്നുള്ള കണക്കുകൾ.

&&&&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ താരതമ്യേന മാറ്റമില്ലാതെ വ്യാപാരം പുരോഗമിക്കുന്നു. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 32 പോയിന്റ് നേട്ടത്തിൽ 76,767 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 22 പോയിന്റ് നേട്ടത്തിൽ 23,351 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വർദ്ധന. പവന് 760 രൂപ വർദ്ധിച്ച് 70,520 രൂപയും ഗ്രാമിന് 95 രൂപ വർദ്ധിച്ച് 8,815 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## TELANGANA - HEAT WAVE

സൂര്യാഘാതത്തെയും, ഉഷ്ണ തരംഗത്തെയും സവിശേഷ ദുരന്തമായി പ്രഖ്യാപിച്ച് തെലങ്കാന. സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിന്ന് ദുരന്തബാധിതരുടെ കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപ ധനസഹായം ലഭ്യമാക്കുന്നതിന് ഇതിലൂടെ സാധിക്കും. വരും ദിവസങ്ങളിൽ തെലങ്കാനയിൽ സാധാരണയേക്കാൾ കൂടുതൽ പകൽ ചൂട് അനുഭവപ്പെടുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

## CHHATTISGARH-ENCOUNTER

ഛത്തിസ്ഗഢിലെ ബസ്തർ മേഖലയിൽ ഇന്നലെ വൈകുന്നേരമുണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷ സേന രണ്ട് മാവോയിസ്റ്റുകളെ വധിച്ചു. 13 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്ന മാവോയിസ്റ്റുകളാണ് കൊല്ലപ്പെട്ടത്. പ്രദേശത്ത് നിന്ന് നിരവധി ആയുധങ്ങളും കണ്ടെടുത്തു.

&&&&&&&&&&&&&&&&&&

## ECI-BIHAR POLLS

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ ആരംഭിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ . ബൂത്ത് തല ഏജന്റുമാരുടെ പരിശീലനം ഇന്ന് മുതൽ തുടങ്ങും. 200 ലധികം ബി എൽ എമാർക്കാണ് പരിശീലനം നൽകുന്നത്.

&&&&&&&&&&&&&&&&&&

## AJITH KUMAR

അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട ആരോപണത്തിൽ എഡിജിപി എം.ആർ.അജിത് കുമാറിന് സംസ്ഥാന സർക്കാരിന്റെ ക്ലീൻ ചിറ്റ്. എം.ആർ.അജിത്കുമാറിനെ കുറ്റവിമുക്തനാക്കിയ വിജിലൻസ് റിപ്പോർട്ട് മുഖ്യമന്ത്രി അംഗീകരിച്ചു.

മുൻ എംഎൽഎ പി വി അൻവർ ഉന്നയിച്ച ആരോപണങ്ങളിലാണ് അജിത് കുമാറിനെതിരെ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം നടന്നത്.

&&&&&&&&&&&&&&&&&&

## WAQF – MUSLIM LEAGUE

വഖഫ് നിയമഭേദഗതി വിഷയത്തിൽ മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന റാലി ഇന്ന് വൈകുന്നേരം കോഴിക്കോട് കടപ്പുറത്ത് നടക്കും. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ റാലി ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&